Draft #104 of File 26895/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 22-Oct-2020 11:42 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ഭരണകാര്യം: പരീക്ഷാവിഭാഗത്തിലെ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൻറെ നടപടിക്കുറിപ്പ് - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 4881/AD A1/2020/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 22.10.2020

---

*പരാമർശം:*-1. 16.10.2020 -ന് വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൻറെ നടപടിക്കുറിപ്പ്
2. രജിസ്ട്രാറുടെ 19.10.2020 തീയതിയിലെ കുറിപ്പ് നം. രജി./2/169/2020 (3).

**<u>ഉത്തരവ്</u>**

പരീക്ഷാ വിഭാഗത്തിലെ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് 16.10.2020 -ന് ഉച്ചയ്ക്ക് 12 മണിയ്ക്ക് വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ നടപ്പിലാക്കിക്കൊണ്ട് വൈസ് ചാൻസലർ സൂചന (1), (2) പ്രകാരം ഉത്തരവായിരിക്കുന്നു.

- ബി.ടെക് ടാബുലേഷനിലെ ഒരു സെക്ഷൻറെ പ്രവർത്തനം അവസാനിപ്പിച്ച് പ്രസ്തുത സെക്ഷനിൽ ചെയ്തു വരുന്ന ജോലികൾ മറ്റ് ബി.ടെക് ടാബുലേഷൻ സെക്ഷന് നൽകേണ്ടതും പ്രവർത്തനം അവസാനിപ്പിക്കുന്ന ബി.ടെക് ടാബുലേഷൻ സെക്ഷൻ എൽ.എൽ.ബി. ടാബുലേഷൻ സെക്ഷനായി പുന:ക്രമീകരിക്കേണ്ടതുമാണ്. ആയത് സമയബന്ധിതമായി നിർവഹിക്കുവാൻ പരീക്ഷാ കൺട്രോളറെ ചുമതലപ്പെടുത്തുന്നു.
- പ്രോ-വൈസ് ചാൻസലർ, സിൻഡിക്കേറ്റ് പരീക്ഷാ ഉപസമിതി കൺവീനർ, പരീക്ഷാ കൺട്രോളർ, പരീക്ഷാ വിഭാഗത്തിലെ ജോയിൻറ് രജിസ്ട്രാർമാർ, ഡെപ്യൂട്ടി രജിസ്ട്രാർമാർ, അസിസ്റ്റൻറ് രജിസ്ട്രാർമാർ എന്നിവരുടെ യോഗം എല്ലാ മാസവും ഒന്നാം തീയതിയും പതിനഞ്ചാം തീയതിയും ചേരേണ്ടതാണ്. പ്രസ്തുത യോഗത്തിൻറെ കൺവീനറായി പരീക്ഷാ കൺട്രോളറെ നിയോഗിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

രമേഷ് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ/ സെക്ഷനുകൾ
2. സിൻഡിക്കേറ്റ് പരീക്ഷാ ഉപസമിതി കൺവീനർ
3. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
5. എ.ആർ./ ഡി.ആർ./ ജെ.ആർ. (ഭരണം/അക്കാദമികം/ ധനകാര്യം/ പരീക്ഷാ)
6. പി.ആർ.ഒ./ റെക്കോർഡ്സ് സെക്ഷൻ/ കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യു.എ.സി.
7. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ